# 8

അനുഗ്രഹത്തിൻ അദിപതിയേ - അനന്ത കൃപ പെരും നദിയേ
അനുദിനം നിൻ പദം ഗതിയേ - അടിയാനു നിൻ കൃപ മതിയേ

1. വൻ വിനകൾ വന്നീടുകിൽ, വലയുകയില്ലെൻ ഹൃദയം
   വല്ലഭൻ നീയെന്നഭയം, വന്നീടുമോ പിന്നെ ഭയം

2. തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും,
   തള്ളീടുമോ ഏഴയെന്നെ തീരുമോനിൻ സ്നേഹമെന്നിൽ

3. തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
   മക്കളെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ

4. പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻ തണലിൽ
   മരണദിനം വരുമളവിൽ മറഞ്ഞിടും ഞാൻ നിൻമാർവ്വിടത്തിൽ